# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3945 — 20-07-2015-ൽ മറുപടിക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

ചോദ്യം — ഉത്തരം

ശ്രീ.ബാബു.എം.പാലിശ്ശേരി.

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ; | (എ) യും (ബി) യും (സി) യും | ന്യൂഡൽഹി, നവിമുംബൈ എന്നീ സ്ഥലങ്ങളിലെ കേരള ഹൗസിൽ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പ്രീമിയം വിൽപ്പനശാലകൾ തുടങ്ങുന്നകാര്യം സപ്ലൈകോ പരിഗണിക്കുന്നതാണ്. രാജ്യത്തിനു പുറത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ വില്പനശാലകൾ തുടങ്ങുവാൻ നിലവിലെ സാഹചര്യത്തിൽ സപ്ലൈകോ പ്രാപ്തമല്ല. |
| (ബി) | ഡൽഹി, ബോംബെ കേരള ഹൗസുകളിൽ പ്രീമിയം വില്പനശാലകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ; | | |
| (സി) | ഇവയുടെ പ്രവർത്തനം പ്രവാസികളായ കേരളീയർക്ക് എത്രമാത്രം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | |
| (ഡി) | സംസ്ഥാനത്തെ സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യസാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. നിലവിൽ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് സ്ഥലസൗകര്യം കുറഞ്ഞ കെട്ടിടങ്ങളിലാണ്. ആയതിനാൽ ഇവിടെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള സൗകര്യം പരിമിതമാണ്. ചില അവസരങ്ങളിൽ അപ്രതീക്ഷിതമായി ക്രമാതീതമായ വർദ്ധനവ് വിൽപനയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചുകൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകുകയും ചെയ്യാറുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ എടുത്തു വരുന്നുണ്ട്. |

1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവ് ഉള്ള മാവേലി സ്റ്റോറുകളിലും, സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു.
2) സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചു കൊടുക്കുന്നു.

3) മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉൽസവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
5) കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പു വരുത്താറുണ്ട്.
6) ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.
7) സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേർണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ

| | | | |
|---|---|---|---|
| | | | (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്.<br>8) കൂടാതെ, പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**